# വിശ്വാസ സംരക്ഷണ സദസ്

# വിശ്വാസികൾ ഒറ്റക്കെട്ട്: മാർ ആൻഡ്രൂസ് താഴത്ത്

തൃശൂർ: സഭയേയും വിശ്വാസത്തേയും അവഹേളിക്കുന്നവർക്കെതിരേ സഭാ വിശ്വാസികൾ ഒറ്റക്കെട്ടാണെന്ന പ്രഖ്യാപനവുമായി 'വിശ്വാസ സംരക്ഷണ സദസ്'. തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ സെന്റ് തോമസ് കോളജിലെ മോൺ ജോൺ പാലോക്കാരൻ സ്ക്വയറിൽ നടന്ന സമ്മേളനത്തിൽ തൃശൂർ അതിരൂപതയിലെ ഇടവകകളിൽനിന്നുള്ള അയ്യായിരത്തോളം പ്രതിനിധികൾ പങ്കെടുത്തു. അസത്യങ്ങളും അർധസത്യങ്ങളും പ്രചരിപ്പിക്കുകയും മതവിശ്വാസ മൂല്യങ്ങളെ അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നത് മാധ്യമധർമമല്ലെന്നും നിയമവിരുദ്ധമാണെന്നും സമ്മേളനം ഉദ്ഘാടനം ചെയ്ത റിട്ടയേഡ് സുപ്രീം കോടതി ജഡ്ജി ജസ്റ്റീസ് സിറിയക് ജോസഫ് ഓർമപ്പെടുത്തി. മാധ്യമ സ്വാതന്ത്ര്യത്തെ ദുരുപയോഗിക്കുന്നതു കുറ്റകരമാണ്, എതിർക്കപ്പെടേതാണ്. അന്വേഷണത്തിലിരിക്കുന്നതോ കോടതിയിൽ വിചരണയിലുള്ളതോ ആയ കേസുകളിൽ മാധ്യമ വിചാരണ നടത്തുന്നതും പരസ്യമായ അഭിപ്രായ പ്രകടനം നടത്തുന്നതും നിയമമനുസരിച്ചു തെറ്റാണ്. സ്വാർത്ഥ ലാഭത്തിനുവേണ്ടി അങ്ങനെ ചെയ്യുന്ന ചാനലുകളെ കുടുംബങ്ങളിൽനിന്ന ഒഴിവാക്കുകയാണു വേണ്ടത്. ജസ്റ്റീസ് സിറിയക് ജോസഫ് പറഞ്ഞു. അന്വേഷണത്തിലുള്ള ഏതെങ്കിലും കേസുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ പേരിലല്ല ഈ സമ്മേളനം. ഏതെങ്കിലും മാധ്യമത്തിനെതിരേയുമല്ല. അങ്ങനെ ദുർവ്യാഖ്യാനിച്ച ഈ പ്രസ്ഥാനത്തെ ആക്ഷേപിക്കരുത്. അദ്ദേഹം പറഞ്ഞു.

നവഭാരത നിർമിതിക്ക ഒരുപാടു സംഭാവനകൾ ചെയ്ത ക്രൈസ്തവ സഭകളെ ആക്ഷേപിച്ച ചിതറിക്കാനുള്ള ശ്രമങ്ങൾക്കെതിരേ വിശ്വാസികൾ ഒറ്റക്കെട്ടാണെന്ന പ്രഖ്യാപനമാണിതെന്ന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു പ്രസംഗിച്ച ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത പറഞ്ഞു. പാവങ്ങളെ സഹായിച്ചുകൊണ്ടു നവഭാരത നിർമിതിക്കുള്ള സഭയുടെ ദൗത്യം ഇനിയും തുടരും. പീഡനങ്ങളേയും അവഹേളനങ്ങളേയും അതിജീവിച്ചാണ് ആദിമകാലം മുതലേ സഭ മുന്നേറിയത്. ജനാധിപത്യത്തിന്റെ നാലാം തൂണായ മാധ്യമങ്ങൾ സമൂഹത്തിനു നൽകുന്ന സംഭാവനകൾ വളരെ വലുതാണ്. എന്നാൽ സ്വാർത്ഥ താൽപര്യങ്ങൾക്കായി വ്യാജവാർത്തകൾ വർധിക്കുന്നു. ഒറ്റപ്പെട്ട ആരോപണങ്ങളുടെ പേരിൽ സഭയേയും വിശ്വാസത്തേയും അടച്ചാക്ഷേപിക്കുന്നു. തെറ്റു ചെയ്തവർക്കെതിരേ രാജ്യത്തെ നിയമമനുസരിച്ചു നടപടിയുാകണം. എന്തുതന്നെയായാലും സത്യം ഒരു നാൾ ഉയിർത്തെഴുന്നേൽക്കും. ആർച്ച്ബിഷപ് മാർ താഴത്ത പറഞ്ഞു.

കുമ്പസാരത്തിനെതിരേ ദേശീയ വനിതാ കമ്മീഷന്റെ നിലപാടിലും സഭാ മേലധ്യക്ഷർക്കെതിരേ ചില മാധ്യമങ്ങൾ നടത്തുന്ന ദുഷ്പ്രാചരണത്തിലും പ്രതിഷേധം പ്രകടിപ്പിച്ചുകൊുള്ള പ്രമേയം സമ്മേളന പാസാക്കി. സീറോ മലബാർ സഭാ പിആർഒ പി.ഐ. ലാസർ മാസ്റ്റർ പ്രമേയം അവതരിപ്പിച്ചു. അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ പ്രസിഡന്റ പ്രഫ. കെ.എം. ഫ്രാൻസിസ്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന, വൈദിക സമിതി സെക്രട്ടറി ഫാ. ജോസ് കോനിക്കര, കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറി അഡ്വ. ബിജു കുറ്റുകുളം, സിആർഐ സെക്രട്ടറി സിസ്റ്റർ റോസ് അനിത എഫ്സിസി, കത്തോലിക്ക കോൺഗ്രസ് ഡയറക്ടർ ഫാ. വർഗീസ് കുത്തൂർ, അതിരൂപതാ ഏകോപന സമിതി കൺവീനർ എ.എ. ആന്റണി എന്നിവർ പ്രസംഗിച്ചു.

ഫോട്ടോ:

1&2 തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ സെന്റ് തോമസ് കോളജിലെ മോൺ ജോൺ പാലോക്കാരൻ സ്ക്വയറിൽ നടന്ന സമ്മേളനത്തിൽ മാർ ആൻഡ്രൂസ് താഴത്ത പ്രസംഗിക്കുന്നു.

3&4 തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ സെന്റ് തോമസ് കോളജിലെ മോൺ ജോൺ പാലോക്കാരൻ സ്ക്വയറിൽ നടന്ന സമ്മേളനത്തിൽ  ജസ്റ്റിസ് സിറിയക്ക ജോസഫ് പ്രസംഗിക്കുന്നു

5,6,7,8 തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ സെന്റ് തോമസ് കോളജിലെ മോൺ ജോൺ പാലോക്കാരൻ സ്ക്വയറിൽ നടന്ന സമ്മേളനത്തിൽ  പങ്കെടുത്തവർ